ഉത്തരം

(എ) ജാമ്യാപേക്ഷ ആദ്യം സുപ്രീംകോടതിയുടെ പരിഗണനയിൽ വന്നപ്പോൾ സർക്കാർ അഭിഭാഷകൻ ഹാജരാകാതിരുന്നതിനാൽ കോടതി ജാമ്യം അനുവദിക്കുകയുണ്ടായി. തുടർന്ന് ജാമ്യം റദ്ദ് ചെയ്യുകയും ചെയ്തു.

(ബി) പ്രവീൺ വധ കേസ്സിൽ ശിക്ഷ ഇളവ് ചെയ്യുന്നതിനായി ഷാജി ഫയൽ ചെയ്ത അപ്പീലിന്റെ പകർപ്പ് സർക്കാരിന് ലഭിച്ചിരുന്നു. സർക്കാർ വക്കാലത്ത് അഭിഭാഷകന് അയയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ വക്കാലത്ത് സുപ്രീം കോടതിയിൽ ഫയൽ ചെയ്തിരുന്നില്ല. ശ്രീ. ആർ സതീഷാണ് സർക്കാരിനുവേണ്ടി ഹാജരാകേണ്ടിയിരുന്ന അഭിഭാഷകൻ.

(സി) ഇത് സംബന്ധിച്ച ബില്ലുകൾ ഒന്നും ലഭ്യമായിട്ടില്ല.

(ഡി) ഇത് സംബന്ധിച്ച അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു.

പാലക്കാട് കസ്റ്റഡി മരണക്കേസ് അന്വേഷണ ഉദ്യോഗസ്ഥർക്കെതിരെയുള്ള വധഭീഷണി

46(251) ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് കസ്റ്റഡിമരണത്തിന്റെ അന്വേഷണോദ്യോഗസ്ഥർക്ക് വധ ഭീഷണിയുള്ളതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കുകയുണ്ടായോ ; എങ്കിൽ വിശദമാക്കുമോ ;

(സി) പ്രസ്തുത കേസിൽ സി.ബി.ഐ. അന്വേഷണാവശ്യത്തിനെതിരെ സംസ്ഥാന സർക്കാർ നിലപാട് സ്വീകരിക്കുകയുണ്ടായോ ; കോടതിയിൽ അത്തരത്തിൽ സത്യവാങ്മൂലം നൽകുകയുണ്ടായോ ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ ;

(ഡി) സി. ബി. ഐ. അന്വേഷണ ഉത്തരവിനെതിരെ സംസ്ഥാന സർക്കാർ അപ്പീൽ നൽകിയിരുന്നോ ; എങ്കിൽ ഒരു കൊലപാതകക്കേസിന്റെ സ്വതന്ത്രാന്വേഷണം തടസ്സപ്പെടുത്താൻ ഉദ്ദേശിച്ചുള്ള പ്രസ്തുത നടപടിയുടെ കാരണം വിശദമാക്കുമോ ;

(ഇ) കസ്റ്റഡിമരണത്തിന്റെ കാരണങ്ങൾ കണ്ടെത്താനും കുറ്റവാളികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാനുമുള്ള അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥർക്ക് സംരക്ഷണം നൽകാനും നീതിന്യായം ഉറപ്പാക്കാനും എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നും ഇനി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നും വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) പാലക്കാട് കസ്റ്റഡി മരണം അന്വേഷിക്കുന്ന സി.ബി.ഐ. അന്വേഷണ സംഘത്തിന് ഭീഷണി ഉള്ളതായി 24-1-2011-ലെ WP(C) No.13426/2010 നമ്പർ കേസിൽ ബഹു. ഹൈക്കോടതി ഉത്തരവിൽ പരാമർശിക്കുകയും അന്വേഷണ ഉദ്യോഗസ്ഥർക്ക് സുരക്ഷ നൽകണമെന്ന് പ്രസ്തുത ഉത്തരവിൽ കോടതി നിർദ്ദേശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ സുരക്ഷ നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കൂടാതെ പാലക്കാട് കസ്റ്റഡി മരണം അന്വേഷിക്കുന്ന സി.ബി.ഐ. സംഘത്തിലുള്ള സബ് ഇൻസ്പെക്ടർ. അയ്യത്തിൽ ഗുരുദേവ നഗർ കണ്ടത്തിൽ പുറയ്ക്കൽ കൈലാസം വീട്ടിൽ കെ.കെ.രാജന് ഭീഷണിയുണ്ടെന്ന് കാണിച്ചു ടിയാൻ കൊല്ലം ജില്ലാ പോലീസ് സൂപ്രണ്ടിന് നൽകിയ പരാതിയിന്മേൽ അന്വേഷണം നടത്തുകയും അന്വേഷണത്തിൽ ആരോ രണ്ടുപേർ ബൈക്കിൽവന്ന് ഭീഷണിപ്പെടുത്തി എന്നതിലേക്ക് വ്യക്തമായ സൂചനകളൊന്നും ലഭിച്ചിട്ടില്ലാത്തതുമാണ്. അന്വേഷണം തുടർന്നുവരുന്നു.

(സി) ഭരണഘടനയുടെ 32226 വകുപ്പുകൾ വിപുലമായ അധികാരങ്ങൾ കോടതികൾക്ക് നൽകുന്നുണ്ടെങ്കിലും കേസന്വേഷണം സി.ബി.ഐ.-യ്ക്ക് കൈമാറുമ്പോൾ കോടതികൾ പുലർത്തേണ്ട ജാഗ്രതയെപ്പറ്റി 2010(1). KLT723 -ൽ റിപ്പോർട്ട് ചെയ്തിട്ടുള്ള വിധിയിൽ ബഹു. സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട്. ലോക്കൽ പോലീസിനെതിരെ കേസിലെ ഒരു കക്ഷി ഉന്നയിക്കുന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ മാത്രം സി.ബി.ഐ. അന്വേഷണത്തിന് ഉത്തരവിടരുത്. അത്യപൂർവ്വമായ സന്ദർഭങ്ങളിൽ അതീവ ജാഗ്രതയോടെ മാത്രമെ ആ അധികാരം കോടതികൾ ഉപയോഗിക്കാവൂ എന്ന് സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട്.

പ്രസ്തുത കേസിൽ സംസ്ഥാന പോലീസ് തൃപ്തികരമായ അന്വേഷണം നടത്തിവന്നിരുന്നതിനാൽ സി.ബി.ഐ.-യ്ക്ക് കേസന്വേഷണം കൈമാറേണ്ട സാഹചര്യം ഉണ്ടായിരുന്നില്ല. കൂടാതെ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട ഹർജിക്കാരന്റെ സംസ്ഥാന പോലീസിനെതിരെയുള്ള ആരോപണങ്ങൾ അടിസ്ഥാനരഹിതമായിരുന്നു. ഇക്കാരണങ്ങളാലാണ് സി.ബി.ഐ. അന്വേഷണ ആവശ്യത്തിനെതിരെ കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചത്.

(ഡി) പ്രസ്തുത കേസിൽ ഉത്തരവാദികളെന്ന് ആരോപിക്കപ്പെട്ട ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയും ആത്മാർത്ഥതയും കാര്യക്ഷമതയുമുള്ള ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ കേസന്വേഷണം സംസ്ഥാന പോലീസ് വളരെ തൃപ്തികരവും സ്വതന്ത്രവുമായ രീതിയിൽ നടത്തിവരികയായിരുന്നു. കേസിന്റെ എല്ലാ വശങ്ങളും പരിഗണിക്കാതെയാണ് കേസന്വേഷണം സി.ബി.ഐ.-യ്ക്ക് വിടാനുള്ള ഉത്തരവ് ഹൈക്കോടതി പുറപ്പെടുവിച്ചത് എന്ന നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഉത്തരവിനെതിരെ അപ്പീൽ നൽകിയത്. അല്ലാതെ കേസിന്റെ സ്വതന്ത്രാന്വേഷണം തടസ്സപ്പെടുത്തുവാൻ ഉദ്ദേശിച്ചുള്ള ഒരു നടപടിയായിരുന്നില്ല അത്.

(ഇ) പ്രസ്തുത ഉദ്യോഗസ്ഥർക്ക് ആവശ്യമായ സുരക്ഷ നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly